(ബി) പ്രസ്തുത പദ്ധതിയുടെ പമ്പിംഗ് മെയിൻ, ട്രീറ്റ്മെന്റ് പ്ലാന്റ്, സംഭരണികൾ, വിതരണക്കുഴലുകൾ എന്നിവയുടെ ഡിസൈൻ പൂർത്തിയായി. എസ്റ്റിമേറ്റും ഡ്രായിംഗും തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. 2003 ആഗസ്റ്റ് മാസത്തോടുകൂടി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് പൂർത്തിയായതിനുശേഷം പദ്ധതിയുടെ നടത്തിപ്പിനാവശ്യമുള്ള ധനം സ്വരൂപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ആവശ്യമായ ധനം ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തീരുമാനിച്ചതിനുശേഷം മാത്രമേ ഭരണാനുമതി നൽകാൻ കഴിയുകയുള്ളു.

(ഡി) ചിറ്റാർ-സീതത്തോട്, പദ്ധതിയുടെ സർവ്വേ വർക്ക് പൂർത്തിയായി. ഡിസൈൻ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.

(ഇ) ചിറ്റാർ-സീതത്തോട് പദ്ധതിയുടെ ഡിസൈൻ വർക്ക് ആരംഭിച്ചു. വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് 2003 ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പുരാവസ്തുവായി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം

103 (2381) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെങ്കിലും സ്ഥലമോ സ്ഥാപനമോ, കെട്ടിടമോ പുരാവസ്തുവായി നിശ്ചയിക്കുന്നതിനും പുരാവസ്തു വകുപ്പിന്റെ കീഴിൽ കൊണ്ടു വരുന്നതിനും ആധാരമായിട്ടുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ;

(ബി) ഇപ്പോൾ സംസ്ഥാനത്തെ ഏതെല്ലാം ദേവാലയങ്ങൾ പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിൽ ആണെന്ന് വെളിപ്പെടുത്തുമോ ;

(സി) പുരാവസ്തു വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തെ ഇതര സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയിൽ പ്രവേശനത്തിനുള്ള നിയന്ത്രണങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ ;

(ഡി) ഒരു സ്ഥലമോ സ്ഥാപനമോ കെട്ടിടമോ പുരാവസ്തുവായി ഏറ്റെടുക്കുമ്പോൾ നാളിതുവരെയുള്ള ഉടമസ്ഥന്/കൈവശക്കാരന് എന്തൊക്കെ തരത്തിലുള്ള പ്രതിഫലമാണ് നല്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ചരിത്രപരമായോ, പുരാവസ്തു ശാസ്ത്ര സംബന്ധമായോ കലാശില്പപരമായോ കൗതുകപ്രദമായതും ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതുമായ ഏതൊരു സ്ഥാപനത്തെയും 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത, പുരാവശിഷ്ട ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് പുരാവസ്തുവായി പ്രഖ്യാപിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തുടനീളം 31 ദേവാലയങ്ങൾ സർക്കാർ സംരക്ഷിത സ്മാരകങ്ങളായുണ്ട്. ഇവയുടെ നിയന്ത്രണം വകുപ്പിനില്ല. സംരക്ഷണ പണികൾ മാത്രമേ നടത്തിവരുന്നുള്ളൂ. (ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.)†

(സി) കോയിക്കൽ കൊട്ടാരം – നെടുമങ്ങാട്

കൃഷ്ണപുരം പാലസ് – കായംകുളം

ആർക്കിയോളജിക്കൽ മ്യൂസിയം – തൃപ്പൂണിത്തുറ

പഴശ്ശിരാജാ മ്യൂസിയം – കോഴിക്കോട്

ഇവയിൽ ടിക്കറ്റ് മുഖേന പ്രവേശനം നിയന്ത്രിച്ചിരിക്കുന്നു.

(ഡി) സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്ന എല്ലാ വസ്തുക്കളും പുരാവസ്തുവകുപ്പ് ഏറ്റെടുക്കാറില്ല. സംരക്ഷിച്ചു നിലനിർത്തുക മാത്രമേ ചെയ്യാറുള്ളൂ. എങ്കിലും പുരാവസ്തു വകുപ്പ് ഏറ്റെടുക്കുന്ന വസ്തുക്കൾക്ക് റവന്യൂ അധികാരികൾ നിശ്ചയിക്കുന്ന വില നല്കിവരുന്നു.

സർക്കാർ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തിനുപുറത്തുള്ള ചരിത്രസ്മാരകങ്ങൾ

104 (2382) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സംസ്ഥാനത്തിനു പുറത്തുള്ള ചരിത്രസ്മാരകങ്ങൾ ഏതൊക്കെയാണെന്നതിന്റെ വിശദാംശം നല്കുമോ ;

(ബി) ഇവയിൽ കൃത്യമായ അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ ക്ഷയോന്മുഖമാകുന്ന ചരിത്ര സ്മാരകങ്ങൾ ഏതെല്ലാമാണ് ;

(സി) കന്യാകുമാരി ജില്ലയിലെ എത്ര ഹെക്ടർ പ്രദേശങ്ങളിലായാണ് കേരളത്തിന്റെ ചരിത്ര സ്മാരകങ്ങൾ നിലകൊള്ളുന്നത് ;

(ഡി) ഇരണിയൽ കൊട്ടാരം നാശോന്മുഖമാകുന്നു എന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കേരളീയ വാസ്തുശില്പ പൈതൃകത്തിന്റെ ഉത്തമ മാതൃകയായ പ്രസ്തുത കെട്ടിടം ഹെറിട്ടേജ് ലിസ്റ്റിൽപ്പെടുത്തിയിട്ടുള്ള സ്മാരകമാണോ എന്ന് വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ ഈ ചരിത്ര സ്മാരകത്തിന്റെ സംരക്ഷണത്തിനുവേണ്ട നടപടി സ്വീകരിക്കുമോ ;

(ഇ) പത്മനാഭപുരം കൊട്ടാരം ഉൾപ്പെടുന്ന പ്രദേശവും ഏതെല്ലാം കെട്ടിടങ്ങളാണ് സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ ഇപ്പോൾ ഉള്ളതെന്നതിന്റെ വിശദാംശം നല്കുമോ ;

(എഫ്) ഒരു വർഷം ഈ ചരിത്ര സ്മാരകം സംരക്ഷിക്കുന്നതിന് ഇപ്പോൾ എന്തു തുക ചെലവിടുന്നുണ്ട് ; ഇവിടെനിന്നുള്ള ശരാശരി വാർഷികവരുമാനം എത്രയാണ് ;

---

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
9	റൈറ്റ്സ് കൺട്ടന്റ്സ്	കോസ്റ്റ് ആന്റ് റവന്യൂ സ്റ്റഡി	23.44
10	തോമസ് ജേക്കബ് ആന്റ് കമ്പനി	ഫിക്സറ്റ് അസറ്റ് രജിസ്റ്റർ	15.99
11	നാഷണൽ ഇൻഫർമാറ്റിക് സെന്റർ	കേന്ദ്രീകൃത കമ്പ്യൂട്ടറൈസ്ഡ് ബില്ലിംഗും കളക്ഷനും	10.00
12	സെന്റർ ഫോർ എർത്ത്	(i) വെള്ളായണി കായൽ സംരക്ഷിക്കുന്നതിനെ കുറിച്ചുള്ള പഠനം	6.00
		(ii) ശാസ്താംകോട്ട കായൽ സംരക്ഷിക്കുന്നതിനെ കുറിച്ചുള്ള പഠനം	2.55
13	വാട്ടർ ആന്റ് പവ്വർ കൺസൾട്ടൻസി സർവ്വീസസ്	കണിയൻകോട് നദിക്കു കുറുകെ ഡാം പണിയുന്നതു സംബന്ധിച്ചുള്ള പഠനം	5.25
14	കൺസൾട്ടിംഗ് എൻജിനീയറിംഗ് സർവ്വീസസ്	നദികൾക്കു കുറുകെ ഡാം പണിയുന്നതിനുള്ള പഠനം	33.00

അനുബന്ധം VI

[9-7-2003-ലെ 103 (2381)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക]

1. തിരുവനന്തപുരം വിഷ്ണുക്ഷേത്രം - ഒറ്റൂർ വില്ലേജ്
2. തമലം ത്രിവിക്രമംഗലം ക്ഷേത്രം - തിരുമല വില്ലേജ്
3. നിറമൺകര ക്ഷേത്രം - നേമം വില്ലേജ്
4. വിഴിഞ്ഞം ഭഗവതി ക്ഷേത്രം - കോട്ടുകൾ വില്ലേജ്
5. അരുവിക്കര വിഷ്ണു ക്ഷേത്രം - മാറനെല്ലൂർ വില്ലേജ്
6. ചടയമംഗലം റോക്ക് കട്ട് ടെമ്പിൾ - ഇട്ടിവ വില്ലേജ്

184/2013

LIBRARY ARCHIVES Kerala Legislative Assembly

7.	ചെന്നമത്ത് ക്ഷേത്രം	- മീനാട് വില്ലേജ്
8.	തൃക്കാക്കുടി ക്ഷേത്രം	- കവിയൂർ വില്ലേജ്
9.	നരസംഹ ക്ഷേത്രം, ചാത്തൻകുളങ്ങര	- ചെങ്ങന്നൂർ വില്ലേജ്
10.	പുണ്ഡരികപുരം ക്ഷേത്രം	- വടയാർ വില്ലേജ്
11.	തൃക്കൊടിത്താനം മഹാവിഷ്ണു ക്ഷേത്രം	- തൃക്കൊടിത്താനം വില്ലേജ്
12.	മംഗള ദേവീ ക്ഷേത്രം	- കുമിളി വില്ലേജ്
13.	കാരിക്കോട് അണ്ണാമല നാഥരു ദേവസ്വം ക്ഷേത്രം	- കാരിക്കോട് വില്ലേജ്
14.	മഞ്ഞപ്ര ക്ഷേത്രം	- മഞ്ഞപ്ര വില്ലേജ്
15.	കല്ലിൽ ക്ഷേത്രം	- അരമന്നൂർ വില്ലേജ്
16.	പാഴൂർ പെരും തൃക്കോവിൽ ക്ഷേത്രം	- പിറവം വില്ലേജ്
17.	ജൂയിഷ് സിനഗോഗ് ക്ഷേത്രം	- ചേന്നമംഗലം വില്ലേജ്
18.	ഉളിയന്നൂർ മഹാദേവസ്സ് ക്ഷേത്രം	- കൊടുങ്ങല്ലൂർ വില്ലേജ്
19.	ജൂയിഷ് സിനഗോഗ് ക്ഷേത്രം	- നോർത്ത് പരവൂർ വില്ലേജ്
20.	ഉരമന ക്ഷേത്രം	- മേമുറി വില്ലേജ്
21.	തിരുനായത്തോട് ശിവനാരായണ ക്ഷേത്രം	- അങ്കമാലി വില്ലേജ്
22.	തിരുമാറാടി ശ്രീ മഹാദേവ ക്ഷേത്രം	- തിരുമാറാടി വില്ലേജ്
23.	കീഴ്ത്താളി ക്ഷേത്രം	- മേത്തല വില്ലേജ്
24.	അരിയന്നൂർ ക്ഷേത്രം	- മട്ടം വില്ലേജ്
25.	മഹാദേവ ക്ഷേത്രം	- തൃക്കൂർ വില്ലേജ്
26.	ഇരുമലങ്കോട് ക്ഷേത്രം	- മുള്ളൂർക്കര വില്ലേജ്
27.	വേലൂർ സെന്റ് ഫ്രാൻസിസ് സേവ്യയർ ചർച്ച്	- വേലൂർ വില്ലേജ്
28.	ശ്രീ. വെങ്കിട്ടതേവർ ക്ഷേത്രം	- കോട്ടയ്ക്കൽ വില്ലേജ്
29.	കൽപ്പത്തൂർ പരദേവതാ ക്ഷേത്രം	- നൊച്ചാട് വില്ലേജ്
30.	കണ്ണവം തൊടീക്കുളം ശിവക്ഷേത്രം	- കണ്ണവം വില്ലേജ്
31.	അനന്തപുരം ക്ഷേത്രം	- കണ്ണൂർ വില്ലേജ്

LIBRARY ARCHIVES Kerala Legislative Assembly